# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3453 19.10.2016 ൽ മറുപടിയ്ക്ക്**

## തണ്ണീർത്തടങ്ങൾ പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് നികത്തുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>" എൻ.ഷംസുദ്ദീൻ<br>" പി.ബി.അബ്ദുൽ റസ്സാക്ക്<br>" ടി.വി.ഇബ്രാഹിം : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കായലുകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവ പൊതു-സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നതിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ: | (എ) "കേരള കൺസർവേഷൻ ഓഫ് പാഡി ലാന്റ് ആന്റ് വെറ്റ് ലാന്റ് ആക്ട് -2008 " അനുസരിച്ച് കായലുകൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവ പൊതു - സ്വകാര്യ ആവശ്യങ്ങൾക്ക് വേണ്ടി നികത്തുന്നതിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കായലുകൾ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെ നോഡൽ ഏജൻസി പരിസ്ഥിതി കാലാവസ്ഥാ വകുപ്പാണ്. തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനായി പരിസ്ഥിതി വകുപ്പിന്റെ 25.05.2015 ലെ സ.ഉ (എം.എസ്) നം.08/2015/പരി പ്രകാരം കേരള സംസ്ഥാന വെറ്റ് ലാന്റ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. |

(ബി) ഇത്തരം തണ്ണീർത്തടങ്ങൾ യാതൊരു വിവേചനവുമില്ലാതെ സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും നിർബാധം നികത്തിക്കൊണ്ടി രിക്കുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ശേഷിച്ച തണ്ണീർത്തട ങ്ങളെ കൈയ്യേറ്റത്തിൽ നിന്നും നികത്തലിൽ നിന്നും സംരക്ഷി ക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

(ബി)& (സി)

ജലം സംസ്ഥാന വിഷയമായതിനാലും ജലസേചന വകുപ്പിന്റെ അധികാര പരിധിയിൽ നിക്ഷിപ്തമായതിനാലും തണ്ണീർത്തടങ്ങളും നീർച്ചാലുകളും നികത്തുന്നതു ശ്രദ്ധയിൽപ്പെട്ടാൽ ജലസേചന വകുപ്പിൽ നിന്നും ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരെ അറിയിക്കാറുണ്ട്. കൂടാതെ തണ്ണീർ ത്തടങ്ങളിലെ കൈയേറ്റങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പിന് വിവരം നല്കുന്നതിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും എല്ലാ ഉദ്യോഗസ്ഥന്മാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**